**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2422** **24-06-2024 - ൽ മറുപടിയ്ക്ക്**

**നെന്മാറ മണ്ഡലത്തിലെ കൊട്ടുവായൂർ ബൈപ്പാസിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നെന്മാറ മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ കൊട്ടുവായൂർ ബൈപ്പാസിന്റെ പ്രവർത്തനം നാളിതുവരെ തുടങ്ങാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ; | (എ) | കൊട്ടുവായൂർ ബൈപ്പാസ് നിർമ്മാണം G.O.(Rt) No.1324IPWDl2016 dated 27.09.2016 പ്രകാരം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷനെ (ആർ. ബി. ഡി. സി. കെ.) പദ്ധതി നിർവഹണ ഏജൻസി ആയി ചുമതലപ്പെടുത്തി സർക്കാർ ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവ് പ്രകാരം ആർ. ബി. ഡി. സി. കെ. പദ്ധതി രേഖ തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും കിഫ്ബിയുടെ വിദഗ്ധ പരിശോധനകൾക്ക് ശേഷം 09.11.2018 ൽ 38.20 കോടി രൂപയുടെ അംഗീകാരം നൽകുകയും ചെയ്തു. അംഗീകരിച്ച അലൈൻമെന്റ് പ്രകാരം തുടക്കത്തിലും അവസാനത്തിലും കനാലിന്റെ വലത് വശത്ത് കൂടിയും ബാക്കി ഭാഗങ്ങളിൽ ഇടതു വശത്ത് കൂടിയുമാണ് ബൈപ്പാസ് വിഭാവനം ചെയ്തിരുന്നത്. ഈ അലൈൻമെന്റിന് എൻ.ഒ.സി ലഭിക്കുന്നതിന് ആർ. ബി. ഡി. സി. കെ. യിൽ നിന്നും മലമ്പുഴ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർക്ക് കത്ത് നൽകിയിട്ടുണ്ട് (കത്ത് നം. RBDCK/T216 Vol. I/805 തീയതി 13-06-2017). എന്നാൽ, 22-02-2018 – ലെ മലമ്പുഴ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയറുടെ എ2/247/2017 നമ്പർ ഉത്തരവ് പ്രകാരം, കനാലിന്റെ ഇടത് വശം കൂടി നിർമ്മിക്കുന്നതിനാണ് എൻ.ഒ.സി നൽകിയത്. ആയതിനാൽ ആർ. ബി. ഡി. സി. കെ. യിൽ നിന്നും എൻ.ഒ.സി തിരുത്തുന്നതിന് വീണ്ടും എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അപേക്ഷ സമർപ്പിക്കുകയുണ്ടായി. ഇപ്പോൾ 01-06-2024 ലെ മലമ്പുഴ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയറുടെ എ2/247/2017 നമ്പർ ഉത്തരവ് പ്രകാരം ടി അപേക്ഷ നിരസിക്കുന്നതിനായി സൂപ്രണ്ടിങ്ങ് എഞ്ചിനീയർ, ശിരുവാണി പ്രൊജക്റ്റ് സർക്കിൾ, പാലക്കാടിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

| | | | |
|---|---|---|---|
| | | | റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. തുടർന്ന് പ്രസ്തുത തീരുമാനം പുന:പരിശോധിക്കണമെന്ന് സൂപ്രണ്ടിങ്ങ് എഞ്ചിനീയറോട് ആർ. ബി. ഡി. സി. കെ. ആവശ്യപ്പെട്ടിട്ടുണ്ട് (കത്ത് നം. RBDCK/T216 Vol. I/1271 തീയതി 05-06-2024). ടി സാഹചര്യത്തിലാണ് പദ്ധതി പ്രവർത്തനം തുടങ്ങുവാൻ കഴിയാതെ വന്നിട്ടുള്ളതെന്നാണ് ആർ. ബി. ഡി. സി. കെ. അറിയിച്ചിട്ടുള്ളത്. |
| (ബി) | പ്രസ്തുത പദ്ധതി തുടങ്ങുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; വിശദാംശം നൽകുമോ; | (ബി) | കൊടുവായൂർ ബൈപ്പാസ് നിർമ്മാണം G.O.(Rt) No.1324IPWDl2016 dated 27.09.2016 പ്രകാരം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷനെ (ആർ. ബി. ഡി. സി. കെ.) പദ്ധതി നിർവഹണ ഏജൻസി ആയി ചുമതലപ്പെടുത്തി സർക്കാർ ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവ് പ്രകാരം ആർ. ബി. ഡി. സി. കെ. പദ്ധതി രേഖ തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും കിഫ്ബിയുടെ വിദഗ്ധ പരിശോധനകൾക്ക് ശേഷം 09.11.2018 ൽ 38.20 കോടി രൂപയുടെ അംഗീകാരം നൽകുകയും ചെയ്തു. അംഗീകരിച്ച അലൈൻമെന്റ് പ്രകാരം തുടക്കത്തിലും അവസാനത്തിലും കനാലിന്റെ വലത് വശത്ത് കൂടിയും ബാക്കി ഭാഗങ്ങളിൽ ഇടതു വശത്ത് കൂടിയുമാണ് ബൈപ്പാസ് വിഭാവനം ചെയ്തിരുന്നത്. ഈ അലൈൻമെന്റിന് എൻ.ഒ.സി ലഭിക്കുന്നതിന് ആർ. ബി. ഡി. സി. കെ. യിൽ നിന്നും മലമ്പുഴ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയർക്ക് കത്ത് നൽകിയിട്ടുണ്ട് (കത്ത് നം. RBDCK/T216 Vol. I/805 തീയതി 13-06-2017). എന്നാൽ, 22-02-2018 – ലെ മലമ്പുഴ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയറുടെ എ2/247/2017 നമ്പർ ഉത്തരവ് പ്രകാരം, കനാലിന്റെ ഇടത് വശം കൂടി നിർമ്മിക്കുന്നതിനാണ് എൻ.ഒ.സി നൽകിയത്. ആയതിനാൽ ആർ. ബി. ഡി. സി. കെ. യിൽ നിന്നും എൻ.ഒ.സി തിരുത്തുന്നതിന് വീണ്ടും എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അപേക്ഷ സമർപ്പിക്കുകയുണ്ടായി. ഇപ്പോൾ 01-06-2024 ലെ മലമ്പുഴ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയറുടെ എ2/247/2017 നമ്പർ ഉത്തരവ് പ്രകാരം ടി അപേക്ഷ നിരസിക്കുന്നതിനായി സൂപ്രണ്ടിങ്ങ് എഞ്ചിനീയർ, ശിരുവാണി പ്രൊജക്ട് സർക്കിൾ, പാലക്കാടിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. തുടർന്ന് പ്രസ്തുത തീരുമാനം പുന:പരിശോധിക്കണമെന്ന് സൂപ്രണ്ടിങ്ങ് എഞ്ചിനീയറോട് ആർ. ബി. ഡി. സി. കെ. ആവശ്യപ്പെട്ടിട്ടുണ്ട് (കത്ത് നം. RBDCK/T216 Vol. I/1271 തീയതി 05-06-2024). ടി |

| | | | |
|---|---|---|---|
| | | | സാഹചര്യത്തിലാണ് പദ്ധതി പ്രവർത്തനം തുടങ്ങുവാൻ കഴിയാതെ വന്നിട്ടുള്ളതെന്നാണ് ആർ. ബി. ഡി. സി. കെ. അറിയിച്ചിട്ടുള്ളത്. |
| (സി) | കൊട്ടവായൂർ ബൈപ്പാസിന്റെ പ്രവർത്തനം എന്ന് തുടങ്ങാൻ കഴിയുമെന്ന് അറിയിക്കുമോ? | (സി) | ഇറിഗേഷൻ വകുപ്പിൽ നിന്നും എതിർപ്പില്ലാപത്രം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ടി പദ്ധതി പ്രവർത്തനം തുടങ്ങാൻ സാധിക്കുകയുള്ളുവെന്നാണ് പദ്ധതി നിർവഹണ ഏജൻസി ആയ ആർ. ബി. ഡി. സി. കെ അറിയിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ